# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1511

06.03.2017 - ൽ
മറുപടിയ്ക്ക്

### നേര്യമംഗലം ജില്ലാകൃഷിത്തോട്ടത്തിന്റെ വികസനം

| ചോദ്യം<br>ശ്രീ.ആന്റണി ജോൺ | മറുപടി<br>ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| എ) കോതമംഗലത്തെ നേര്യമംഗലം ജില്ലാകൃഷിത്തോട്ടത്തിന്റെ വികസനത്തിന് എന്തെല്ലാം പദ്ധതികൾ നിലവിൽ നടപ്പിലാക്കി വരുന്നുണ്ട്; വിശദമാക്കാമോ; | എ) നേര്യമംഗലം ജില്ലാ കൃഷിത്തോട്ടത്തിന്റെ വികസനത്തിനായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു:-<br>1. 2016-17 കേരസമൃദ്ധി പദ്ധതിയിൽ ഉൾപ്പെടുത്തി തെങ്ങ് കൃഷി ജലസേചനത്തിനായി ഡ്രിപ്പ് സ്ഥാപിക്കൽ - 2.5 ലക്ഷം രൂപയുടെ പദ്ധതി<br>2. പച്ചക്കറി വിത്തുല്പാദനം 2016-17 - 5 ഹെക്ടർ സ്ഥലത്ത് തുക – 1.75 ലക്ഷം രൂപ<br>3. ക്രോപ്പ് ഹെൽത്ത് മാനേജ്മെന്റ് 2016-17 തുക-1.75 ലക്ഷം രൂപ<br>4. കേന്ദ്രസർക്കാർ സ്ഥാപനമായ WAPCOS-ന്റെ സഹായത്തോടെ ഫാമിന്റെ നവീകരണത്തിനായി ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. |
| ബി) ഫാമിന്റെ വികസന പദ്ധതികൾക്കായി ജില്ലാപഞ്ചായത്തിന്റെ എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; ആയതിന്റെ പുരോഗതി വിശദമാക്കുമോ; | ബി) നേര്യമംഗലം ഫാമിൽ നടപ്പിലാക്കുന്ന ജില്ലാ പഞ്ചായത്തിന്റെ പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1. കുരുമുളക് തോട്ടം പുനരുദ്ധാരണം - 2 ഏക്കറിൽ പദ്ധതി നടപ്പിലാക്കി കഴിഞ്ഞു.<br>2. കുരുമുളക് മാതൃസസ്യത്തോട്ടം നിർമ്മാണം - (1 ഹെക്ടർ സ്ഥലത്ത്) നടപ്പിലാക്കി വരുന്നു.<br>3. തെങ്ങ് 2500 എണ്ണം, ജാതി തോട്ടങ്ങളുടെ പരിചരണത്തിനുള്ള പദ്ധതി നടപ്പിലാക്കുന്നു.<br>4. പച്ചക്കറി തൈകളുടെ ഉല്പാദനം - 5 ലക്ഷം എണ്ണം തൈകൾ- പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. 3 ലക്ഷം തൈകൾ ഇതിനകം വിതരണം ചെയ്തുകഴിഞ്ഞു.<br>5. തൃപ്പൂണിത്തുറ നഗരസഭ – ജനകീയാസൂത്രണ പദ്ധതി പച്ചക്കറി, ഗ്രോബാഗ് വിതരണം (1000 യൂണിറ്റുകൾ) ഉത്പാദിപ്പിച്ച് വിതരണം നടത്തിക്കൊണ്ടിരിക്കുന്നു.<br>6. വാഴകൃഷി - 2 ഹെക്ടറിൽ നിലമൊരുക്കൽ ആരംഭിച്ചു.<br>7. മറ്റു നടീൽ വസ്തുക്കളായ മാവ്, പ്ലാവ്, പേര എന്നിവയുടെ ഗ്രാഫ്റ്റുകൾ കറിവേപ്പ്, പപ്പായ, മുരിങ്ങത്തൈകൾ, അലങ്കാര സസ്യതൈകൾ എന്നിവയുടെ ഉല്പാദനം നടന്നുവരുന്നു.<br>8. ചേന, മഞ്ഞൾ തുടങ്ങിയ ഇടവിള കൃഷി - നടീൽ നടന്നുകൊണ്ടിരിക്കുന്നു. |
| സി) ജില്ലാ കൃഷിതോട്ടവുമായി ബന്ധപ്പെട്ട് പുതിയ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ? | സി) ഫാമിന്റെ സമഗ്ര വികസനത്തിനും ഫാം ടൂറിസത്തിനും വേണ്ടിയുള്ള ഒരു പ്രോജക്ട് ആവിഷ്കരിച്ചു വരുന്നു. |

സെക്ഷൻ/ഓഫീസർ